(ഇ) കമ്മീഷന്റെ ശുപാർശകളിൻമേൽ കോഴിക്കോട് സർവ്വകലാശാല സെനറ്റിന്റെ റിപ്പോർട്ടുകൂടി ലഭിച്ചതിനുശേഷം മാത്രമേ ഗവൺമെന്റ് തലത്തിൽ ഭാവിനടപടികൾ സ്വീകരിക്കുകയുള്ളൂ.

സ്വകാര്യ കോളേജുകളിൽ പുതിയ കോഴ്സുകൾ

111. [161] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1986-87 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

തീരുമാനിച്ചിട്ടില്ല.

സംസ്ഥാന ജീവനക്കാർക്കുള്ള ഡി. എ.

112. [162] ശ്രീ. ലോനപ്പൻ നമ്പാടൻ :

എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും, നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ജീവനക്കാർക്ക് നൽകിയ എത്ര ഗഡു ഡി.എ. സംസ്ഥാന ജീവനക്കാർക്ക് നൽകാനുണ്ട് ;

(ബി) ഈ ഡി.എ. എന്നു മുതൽ ജീവനക്കാർക്ക് നൽകാനാണുദ്ദേശിക്കുന്നത് ;

(സി) ഇതുമൂലം സംസ്ഥാനത്തിന് വരുന്ന അധിക ചെലവെത്രയാണ് ?

ഉത്തരം

(എ) മൂന്നു ഗഡു ഡി. എ. നൽകാനുണ്ട്. 1-8-1985, 1-11-1985, 1-1-1986 എന്നീ തീയതികൾ മുതൽക്കാണ് ഈ ഗഡുക്കൾ കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ളത്.

(ബി) കേന്ദ്ര സർക്കാർ ഡി. എ. ഗഡുക്കൾ അനുവദിക്കുന്ന തീയതി മുതൽക്കു തന്നെ സംസ്ഥാന ജീവനക്കാർക്കും ഡി. എ. ഗഡുക്കൾ അനുവദിക്കുകയാണ് പതിവ്.

(സി) മൂന്നു ഗഡു ഡി. എ. നൽകുന്നതിന് ഒരു വർഷത്തേക്ക് ഇരുപത്തി ഒന്നു കോടിയോളം രൂപ അധികച്ചെലവുണ്ടാകും.

ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ വിഭജനം

113. [163] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിനാൻഷ്യൽ എൻറർപ്രൈസസ് വിഭജിച്ച് രണ്ടായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly